# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 949 — 30.01.2019 -ലെ മറുപടി

## നിർമ്മാണ പ്രവർത്തികൾക്ക് ഇറിഗേഷൻ അനുമതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കുറ്റ്യാടി, കക്കോടി ഇറിഗേഷൻ സെക്ഷനുകളിലായി കോട്ടൂർ, നടുവണ്ണൂർ ഗ്രാമ പഞ്ചായത്തുകളിൽപ്പെട്ട ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾക്കാണ് ഇനിയും ഇറിഗേഷൻ വകുപ്പ് അനുമതി നൽകാൻ ബാക്കിയുള്ളത് എന്നറിയിക്കാമോ; | (എ) വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഇറിഗേഷൻ ഭൂമിയിലൂടെ കടന്നു പോകുന്ന ടാർ ചെയ്ത റോഡുകൾ റീ ടാർ ചെയ്യുന്നതിനുള്ള അനുമതി ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി നിലവിലുള്ള സംവിധാനത്തിൽ ഏറെ കാല താമസം ഉണ്ടാകുന്നതായി കരുതുന്നുണ്ടോ; | (ബി) റീടാർ ചെയ്യുന്നതിന് ആവശ്യമായ തുക ഇറിഗേഷൻ വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്യുന്ന മുറയ്ക്ക് പ്രവൃത്തികൾക്ക് അനുമതി നൽകി വകുപ്പ് നേരിട്ട് പ്രവൃത്തി ചെയ്യുകയാണ് നിലവിൽ ചെയ്യുന്നത്. പ്രസ്തുത നടപടി ക്രമങ്ങൾ നടത്തുവാനുള്ള സമയം മാത്രമേ എടുക്കാറുള്ളൂ. |
| (സി) ഇത്തരം റോഡുകൾ റീടാർ ചെയ്യുന്ന തിന് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അനുമതി നൽകുന്നതിനുള്ള നിർദ്ദേശം നൽകുമോയെന്ന് പറയാമോ? | (സി) നിലവിൽ ഇത്തരം അനുമതി നൽകുന്നത് സേവനാവകാശ നിയമത്തിലെ വ്യവസ്ഥ അനുസരിച്ച് ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർമാരാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

കോട്ടൂർ ഗ്രാമപഞ്ചായത്ത്

| നമ്പർ | പ്രവൃത്തിയുടെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1 | പുതിയോട്ട് മുക്ക്-കാറിപ്പാറ റോഡ് | എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട് |
| 2 | മൂലാട് പോസ്റ്റോഫീസ്-ചെങ്ങോട്ട്മല റോഡ് | എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട് |
| 3 | പുതിയോട്ടിൽ മുല്ലോത്ത് താഴെ റോഡ് കൾവർട്ട് നിർമ്മാണം | പ്രവൃത്തി നിർവ്വഹിക്കുന്നതിനുള്ള അനുമതിയാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ഇറിഗേഷൻ വകുപ്പിൽ ഫണ്ട് ഡെപ്പോസിറ്റ് ചെയ്യുന്ന മുറയ്ക്ക് പ്രവൃത്തി ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

നടുവണ്ണൂർ ഗ്രാമപഞ്ചായത്ത്

| | | |
|---|---|---|
| 1 | ഇളയിടത്ത് താഴെ കൊക്കരമീത്തൽ കാവുന്തറ റോഡ് | എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| 2 | കോട്ടൂർ-നടുവണ്ണൂർ പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന SAGY പദ്ധതിയിൽ ഉൾപ്പെടുത്തിയ PMGSY റോഡ് | ഇറിഗേഷൻ വകുപ്പ്, വാട്ടർ അതോറിറ്റി PMGSY അധികൃതരുടെ സംയുക്ത പരിശോധനയിൽ റോഡിന്റെ അലൈൻമെന്റ് മാർക്ക് ചെയ്ത് റോഡ് നിർമ്മാണത്തിനാവശ്യമായ കനാൽ ഭൂമിയുടെ വിവരങ്ങൾ ലഭ്യമാക്കാൻ PMGSY യോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് അനുമതി നൽകുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

SO